കേരള സർക്കാർ

സംഗ്രഹം

**ഉന്നത വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിൻെറ ഉപയോഗവും സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവയും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 1102/05/ഉവിവ തിരുവനന്തപുരം,

തീയതി 24.06..2005

---

**പരാമർശം : സർക്കാർ ഉത്തരവ് (ആർ.റ്റി)നം.346/05/ഉവിവ തീയതി 1.3.2005**

**ഉത്തരവ്**

വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിൻെറ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിൻെറ ഉപയോഗം തടയുന്നതിനും, അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ നിരുത്സാഹപ്പെടുത്തലാക്കുകയും ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുവാൻ പരാമർശ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ നിർദ്ദേശങ്ങൾക്കു ശേഷവും മൊബൈൽ ഫോണുകളുടെ ഉപയോഗം നിർബാധം തുടരുന്നതായും അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസും, ഫാഷൻ ഷോകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതിനാൽ ഇവ പൂർണ്ണമായും ഒഴിവാക്കുന്നതിനായും, കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെൻറ്/ ഗവൺമെൻറിതര) ഫാഷൻ ഷോ, സിനിമാറ്റിക്സ് ഡാൻസ് എന്നിവ നിരോധിച്ചിരിക്കുന്നു. എന്നാൽ അതതു സ്ഥാപനത്തിലെ എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരത്തോടെ പരമ്പരാഗത കലാ സാംസ്ക്കാരിക പരിപാടികൾ നടത്താവുന്നതാണ്.

ii) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെൻറ്/ഗവൺ മെൻറിതര) ക്യാമറ സംവിധാനമുള്ള മൈബൈൽ ഫോൺ നിരോധി ച്ചിരിക്കുന്നു.

a) സ്ക്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല. അദ്ധ്യാപകർ ക്ളാസിൽ മൊബൈൽ ഫോൺ കൊണ്ടുപോകാൻ പാടില്ല.

b) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ളാസ്സ് മുറികളിലും ക്യാമ്പസിനകത്തും മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കേണ്ടതാണ്.

iii) ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം വിദ്യാർത്ഥികളുടെ പേരിലും അദ്ധ്യാപകരുടെ പേരിലും മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവിക്കും എത്തിക്സ് കമ്മിറ്റിക്കും അധികാരമുണ്ടായിരിക്കും.

iv) ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കി, മേലധികാരികളുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മേധാവിക്ക് അധികാരമുണ്ടായിരിക്കും.

v) സമുചിതമായ മേൽനോട്ടം വഹിച്ച് ഓരോ മാസത്തേയും റിപ്പോർട്ട് ജില്ലാതല എത്തിക്സ് കമ്മിറ്റികൾ ശേഖരിച്ച് അടുത്ത മാസം 10 ാം തീയതി സംസ്ഥാനതല കമ്മിറ്റിക്കും സംസ്ഥാനതല കമ്മിറ്റി അവലോകനറിപ്പോർട്ട് 15 ാം തീയതി മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്.

3. ഇതു സംബന്ധിച്ച് മന്ത്രിതല/സെക്രട്ടറിതല അവലോകന മീറ്റിംഗ് രണ്ടു മാസത്തിലൊരിക്കൽ ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി. ശ്രീദേവി,
ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
പൊതു വിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്
ഡയറക്ടർ, ഹയർ സെക്കൻററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻററി വിദ്യാഭ്യാസം
എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കൃഷി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ